REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 21-04-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **തമിഴ്നാട്ടിലും, പശ്ചിമബംഗാളിലെ ഒന്നാംഘട്ട വോട്ടെടുപ്പ് നടത്തുന്ന മണ്ഡലങ്ങളിലും പരസ്യപ്രചാരണം വൈകിട്ട് സമാപിക്കും.**
- **ഇന്ന് ദേശീയ സിവിൽ സർവീസസ് ദിനം.**
- **US-നും ഇറാനുമിടയിലെ വെടി നിർത്തൽ കരാർ നാളെ അവസാനിക്കാനിരിക്കെ രണ്ടാം വട്ട സമാധാന ചർച്ചയിലെ അനിശ്ചിതത്വം തുടരുന്നു. ഇസ്രായേൽ -ലെബനൻ രണ്ടാം വട്ട സമാധാന ചർച്ച മറ്റന്നാൾ.**
- **സംസ്ഥാനത്ത് വരും ദിവസങ്ങളിലും കടുത്ത ചൂട് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **IPL ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ്, ഗുജറാത്ത് ടൈറ്റൻസിനെ 99 റൺസിന് തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

തമിഴ്നാട്ടിലും, പശ്ചിമബംഗാളിലെ ഒന്നാംഘട്ട വോട്ടെടുപ്പ് നടത്തുന്ന മണ്ഡലങ്ങളിലും നിയമസഭാ തെരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം വൈകിട്ട് സമാപിക്കും.

തമിഴ്നാട്ടിൽ 234 നിയോജകമണ്ഡലങ്ങളിലേയ്ക്കും വ്യാഴാഴ്ച ഒറ്റ ഘട്ടത്തിലാണ് വോട്ടെടുപ്പ്. അഞ്ച് കോടി 73 ലക്ഷത്തി 43,291 വോട്ടർമാർക്കായി 75,064 പോളിംഗ് സ്റ്റേഷനുകൾ ഒരുക്കിയതായി തമിഴ്നാട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അർച്ചന പട്നായിക് അറിയിച്ചു.

ഡെസ്ക് റിപ്പോർട്ട്...

..........വോയ്സ്..........

പശ്ചിമബംഗാളിൽ 294 അംഗ നിയമസഭയിലേക്ക് ഈ മാസം 23നും 29നും രണ്ടു ഘട്ടങ്ങളിലാണ് തെരഞ്ഞെടുപ്പ്. സ്വതന്ത്രവും നീതിയുക്തവും സുതാര്യവുമായ വോട്ടെടുപ്പിന് എല്ലാ ശ്രമങ്ങളും നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ പറഞ്ഞു.തിരഞ്ഞെടുപ്പ് നിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥരുമായി അദ്ദേഹം സംവദിച്ചു. തെരഞ്ഞെടുപ്പ് പ്രക്രിയയെ സ്വാധീനിക്കാൻ ഒരു ഉദ്യോഗസ്ഥനെയും അനുവദിക്കില്ലെന്ന് ഗ്യാനേഷ് കുമാർ വ്യക്തമാക്കി.

തമിഴ്നാട്ടിൽ ഇന്ന് മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവ് NDA-യ്ക്കായി പ്രചാരണം നടത്തും. ആന്ധ്രാ മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു ഇന്നലെ കോയമ്പത്തൂരിൽ പ്രചാരണം നടത്തി. ആം ആദ്മി പാർട്ടി നേതാവ് അരവിന്ദ് കെജ്രിവാൾ, TVK നേതാവ് നടൻ വിജയ്, കമൽഹാസൻ, കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി, DMK നേതാവ് ഉദയനിധി സ്റ്റാലിൻ എന്നിവരും പ്രചാരണത്തിൽ സജീവമാണ്.

✪✪✪

ഇന്ന് ദേശീയ സിവിൽ സർവീസസ് ദിനം. പൊതുഭരണത്തിൽ സിവിൽ സർവീസസ് ജീവനക്കാർ നൽകുന്ന സംഭാവനകൾക്കും കഠിനാധ്വാനത്തിനും ആദരമർപ്പിക്കാനാണ് എല്ലാ വർഷവും ഏപ്രിൽ 21 ദേശീയ സിവിൽ സർവീസസ് ദിനമായി ആഘോഷിക്കുന്നത്.

18-ാമത് സിവിൽ സർവീസസ് ദിനത്തിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ന്യൂഡൽഹിയിൽ സിവിൽ സർവീസസ് ജീവനക്കാരെ അഭിസംബോധന ചെയ്യും. 'വികസിത് ഭാരത്: പൗര കേന്ദ്രീകൃത ഭരണവും വികസനവും അവസാന ലക്ഷ്യത്തിൽ വരെ' എന്നതാണ് ഈ വർഷത്തെ പ്രമേയം.

✪✪✪

സാധുവായ യുണീക്ക് ഡിസെബിലിറ്റി കാർഡ് കൈവശമുണ്ടെങ്കിൽ ഭിന്നശേഷിക്കാർക്ക് മെയിൽ, എക്സ്പ്രസ് ട്രെയിനുകളിലെ റിസർവ് ചെയ്യാത്ത ദിവ്യാംഗ കോച്ചുകളിൽ യാത്ര ചെയ്യാമെന്ന് റെയിൽവേ വ്യക്തമാക്കി. ഈ കോച്ചുകളിൽ അനധികൃത യാത്രക്കാർക്കെതിരെ കർശന നടപടിയെടുക്കുമെന്നും റെയിൽവേ അറിയിച്ചു.

✪✪✪

25 ലക്ഷം ടൺ ഗോതമ്പു കൂടി കയറ്റുമതി ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് അനുമതി നൽകി. ആഭ്യന്തര വിപണിയിൽ വില സ്ഥിരത ഉറപ്പുവരുത്താനും കർഷകരെ സഹായിക്കാനുമാണ് നടപടി. ഇതോടെ ഈവർഷത്തെ കയറ്റുമതി 50 ലക്ഷം ടൺ ഗോതമ്പും 10 ലക്ഷം ടൺ ഗോതമ്പ് ഉത്പന്നങ്ങളും എന്ന തോതിലെത്തി.

✪✪✪

ദക്ഷിണ കൊറിയൻ പ്രസിഡന്റ് ലീ ജെയ് മ്യുങ്ങിന് രാഷ്ട്രപതി ദ്രൗപതി മുർമു രാഷ്ട്രപതി ഭവനിൽ സ്വീകരണവും വിരുന്നുമൊരുക്കി.

വ്യാപാരം, അടിസ്ഥാന സൗകര്യങ്ങൾ, ഡിജിറ്റൽ സഹകരണം, ചെറുകിട, ഇടത്തരം സംരംഭങ്ങൾ, വിദ്യാഭ്യാസം, ഗവേഷണം, സംസ്കാരം എന്നിവയുൾപ്പെടെ നിരവധി മേഖലകളിലെ ഉഭയകക്ഷി സഹകരണത്തിന് ഇരുപക്ഷവും ചർച്ചകൾ നടത്തിയതായി രാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

US-നും ഇറാനുമിടയിലെ രണ്ടാഴ്ചത്തെ വെടി നിർത്തൽ കരാർ നാളെ അവസാനിക്കാനിരിക്കെ രണ്ടാം വട്ട സമാധാന ചർച്ചയിലെ അനിശ്ചിതത്വം തുടരുകയാണ്. ഇരു പക്ഷവും ചില വിഷയങ്ങളിൽ കടുത്ത നിലപാട് സ്വീകരിച്ചതോടെ പശ്ചിമേഷ്യൻ സംഘർഷ സാഹചര്യം കൂടുതൽ സങ്കീർണമായി.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ...

........വോയ്സ്...........

അടുത്ത വട്ടം ചർച്ചയിൽ പങ്കെടുക്കുന്ന കാര്യത്തിൽ ടെഹ്റാൻ ഇതുവരെ തീരുമാനമെടുത്തിട്ടില്ലെന്ന് ഇറാൻ വിദേശ കാര്യവക്താവ് ഇസ്മായിൽ ബാഖേയി അറിയിച്ചു. നയതന്ത്ര നീക്കങ്ങൾക്കും വെടി നിർത്തലിനും അമേരിക്ക മതിയായ ഗൗരവം നൽകുന്നില്ലെന്നും ബാഖേയി ആരോപിച്ചു.

അതിനിടെ സംഘർഷം തിടുക്കപ്പെട്ട് അവസാനിപ്പിക്കാൻ അമേരിക്കയ്ക്ക് ആഗ്രഹമൊന്നുമില്ലെന്ന് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പറഞ്ഞു. ഇരു രാജ്യങ്ങളും തമ്മിൽ പാകിസ്താനിൽ ചർച്ച തുടരുമെന്ന് തന്നെയാണ് പ്രതീക്ഷയെന്നും ട്രംപ് അറിയിച്ചു. ചർച്ചയെപ്പറ്റി ധാരണായായില്ലെങ്കിൽ നാളെയ്ക്കപ്പുറം വെടിനിർത്തൽ നീട്ടുകയില്ലെന്ന് US പ്രസിഡന്റ് വ്യക്തമാക്കി.

ഹോർമൂസ് കടലിടുക്കിൽ അമേരിക്കൻ നാവിക സേന ഉപരോധം ശക്തമാക്കിയതോടെ ഇറാൻ റെവല്യൂഷനറി ഗാർഡും അനുമതിയില്ലാതെ മേഖലയിൽ പ്രവേശിക്കുന്ന കപ്പലുകളെ ആക്രമിക്കുമെന്ന് മുന്നറിയിപ്പ് നൽകി.

അതിനിടെ ഇസ്രായേൽ -ലെബനൻ രണ്ടാം വട്ട സമാധാന ചർച്ച മറ്റന്നാൾ ഉണ്ടാകുമെന്ന് ഇസ്രായേൽ സ്ഥിരീകരിച്ചു. വാഷിംഗ്ട്ടണിലായിരിക്കും ചർച്ച. ഇരു രാജ്യങ്ങൾക്കുമിടയിൽ പത്തു ദിവസത്തെ വെടിനിർത്തൽ നിലവിലുണ്ട്.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും കടുത്ത ചൂട് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇടുക്കി, വയനാട് ഒഴികെ 12 ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. ഇന്നലെ പാലക്കാട് ജില്ലയിലാണ് ഏറ്റവും ഉയർന്ന താപനില രേഖപ്പെടുത്തിയത് - 40 ഡിഗ്രി സെൽസ്യെഷ്യസ്. കൊല്ലം ജില്ലയിൽ 39 ഡിഗ്രി താപനില രേഖപ്പെടുത്തി. പൊതുജനങ്ങൾ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. ചൂട് കൂടുമ്പോൾ ഇഴജന്തുക്കൾ പുറത്തിറങ്ങാൻ സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

സംസ്ഥാനത്ത് നാളെ വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ഇടിമിന്നൽ ജാഗ്രതാ നിർദേശം പുറത്തിറക്കി. ഇടിമിന്നൽ സാധ്യത അറിയാൻ കാലാവസ്ഥ വകുപ്പ് തയ്യാറാക്കിയ 'ദാമിനി' മൊബൈൽ ആപ്പ് ഉപയോഗിക്കാവുന്നതാണ്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് ഈ മാസം 26-ന് രാവിലെ 11ന് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 133-ാം പതിപ്പാണിത്. ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും. മൻ കി ബാത്തിലേക്ക് ഈ മാസം 24 വരെ അഭിപ്രായങ്ങളും നിർദേശങ്ങളും പങ്കുവയ്ക്കാം.

✪✪✪

ആദി ശങ്കരജയന്തി സംസ്ഥാന ആഘോഷമായി നടത്തണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ അഭിപ്രായപ്പെട്ടു. ആലപ്പുഴ വെളിയനാട് ചിന്മയ ആദിശങ്കര നിലയത്തിൽ ആദിശങ്കര ജയന്തി സെമിനാർ സമാപനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ഗവർണർ.

✪✪✪

വനിതാസംവരണ ബിൽ പരാജയപ്പെടുത്തിയ കോൺഗ്രസിനും INDI സഖ്യത്തിനുമെതിരെ BJP രാജ്യവ്യാപകമായ പ്രചരണത്തിനും പ്രക്ഷോഭത്തിനും നേതൃത്വം കൊടുക്കുമെന്ന് സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ് കോഴിക്കോട്ട് അറിയിച്ചു. ഈ മാസം 30 വരെ രാജ്യവ്യാപകമായി പ്രചരണ-പ്രക്ഷോഭ പരിപാടികൾ BJP ദേശീയ തലത്തിൽ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

സമൂഹത്തിലെ എല്ലാ മേഖലകളിലേയും മഹിളാ നേതാക്കളെ വിഷയത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തി അവരുടെ പിന്തുണയോടെയായിരിക്കും പ്രവർത്തനങ്ങൾ. കേരളത്തിൽ വ്യാഴാഴ്ച വരെ മഹിളാ നേതാക്കളെ BJP മഹിളാ വിഭാഗം നേരിൽ കണ്ട് വിവരങ്ങൾ ധരിപ്പിക്കും. 24ന് തിരുവനന്തപുരം പാളയം രക്തസാക്ഷി മണ്ഡപം മുതൽ കിഴക്കേകോട്ട വരെ മഹിളാ മുന്നേറ്റ യാത്രയും സംഘടിപ്പിക്കും.

25,26 തീയതികളിൽ കേരളത്തിലെ 30 സംഘടനാ ജില്ലാ കേന്ദ്രങ്ങളിലും മഹിളകൾ പ്രതിഷേധ മാർച്ചും സംഘടിപ്പിക്കുമെന്ന് MT രമേശ് അറിയിച്ചു.

✪✪✪

പേരാമ്പ്ര നിയോജക മണ്ഡലത്തിലെ വോട്ടിംഗ് യന്ത്രങ്ങൾ സൂക്ഷിച്ച സ്ട്രോങ് റൂമിന് സമീപത്തെ മുറി തുറന്ന വിഷയത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ സമഗ്ര അന്വേഷണം നടത്തണമെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ MP ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ വിശദീകരണം വിശ്വസനീയമല്ലെന്നും തെരഞ്ഞെടുപ്പ് രേഖകൾ സൂക്ഷിച്ച മുറി തുറക്കേണ്ട അടിയന്തരസാഹചര്യം എന്തായിരുന്നുവെന്നും വേണുഗോപാൽ ചോദിച്ചു.

വോട്ടെണ്ണൽ ദിവസം വരെ സംസ്ഥാനത്തെ എല്ലാ സ്ട്രോങ് റൂമിന് മുന്നിലും കോൺഗ്രസ് പ്രവർത്തകർ ശക്തമായ കാവൽ ഏർപ്പെടുത്തുമെന്നും വേണുഗോപാൽ പറഞ്ഞു.

വോട്ടിംഗ് യന്ത്രങ്ങൾ സൂക്ഷിച്ച കേന്ദ്രത്തിലെ റിസർവ് റൂം തുറന്നതിൽ ഗുരുതര വീഴ്ചയുണ്ടായെന്ന് BJP സംസ്ഥാന സെൽ കോ ഓർഡിനേറ്റർ VK സജീവൻ കുറ്റപ്പെടുത്തി. എന്ത് കാരണം കൊണ്ടായാലും മുന്നറിയിപ്പോ നോട്ടീസോ ഇല്ലാതെ മുറി തുറന്നത് തെറ്റായ വഴക്കമാണെന്ന് അദ്ദേഹം പറഞ്ഞു. വോട്ടെണ്ണുന്നത് വരെ അവിടെ കേന്ദ്രസേനയുടെ സുരക്ഷ ശക്തമാക്കണമെന്നും സജീവൻ ആവശ്യപ്പെട്ടു.

✪✪✪

റിട്ടേണിംഗ് ഓഫീസർ കൈവശം വെക്കേണ്ട രേഖകൾ സൂക്ഷിച്ച മുറിയാണ് തുറന്നതെന്നും തെരഞ്ഞെടുപ്പ് യന്ത്രങ്ങൾ സൂക്ഷിച്ച മുദ്ര വെച്ച മുറിയല്ല തുറന്നതെന്നും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കലക്ടർ വ്യക്തമാക്കിയിട്ടുണ്ട്. മെറ്റീരിയൽ റൂം തുറന്നപ്പോൾ സ്ഥാനാർത്ഥികളുടെ ഏജന്റുമാർ സ്ഥലത്തുണ്ടായിരുന്നു വെന്നും കലക്ടർ പറഞ്ഞു.

✪✪✪

വയനാട് ദുരിത ബാധിതർക്ക് നിർമ്മിച്ച നൽകിയ വീടുകളിൽ വിള്ളൽ കണ്ടെത്തിയ സംഭവത്തിൽ വീടിന്റെ അവകാശികളെയായിരുന്നു മന്ത്രി K രാജൻ കാര്യങ്ങൾ ബോധ്യപ്പെടുത്തേണ്ടയിരുന്നതെന്ന് യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് OJ ജനീഷ് തൃശൂരിൽ പറഞ്ഞു. ഇതിനുപകരം CPIM ജില്ലാ സെക്രട്ടറിയോടാണ് മന്ത്രി സംസാരിച്ചതെന്ന് അദ്ദേഹം കുറ്റപ്പെടത്തി. ദുരന്തബാധിതർക്ക് അഭിപ്രായം പറയാൻ DYFIയെ പേടിക്കേണ്ട കാര്യമില്ലെന്നും സംസ്ഥാന പ്രസിഡന്റ് പറഞ്ഞു.

✪✪✪

തൃശൂർ കൊടകരയിൽ പാമ്പു കടിയേറ്റ് ചികിത്സയിൽ കഴിയുന്ന പത്തുവയസ്സുകാരൻ അനോഷിന്റെ ആരോഗ്യ നിലയിൽ നേരിയ പുരോഗതിയുണ്ടെന്ന് മെഡിക്കൽ ബുള്ളറ്റിൻ അറിയിച്ചു. പാമ്പു കടിയേറ്റ സഹോദരങ്ങളിൽ ആൽജോ കഴിഞ്ഞ ദിവസം മരണമടഞ്ഞിരുന്നു. ഇന്നലെ കൊടുങ്ങ, സെന്റ്സെബാസ്റ്റ്യൻസ് പള്ളി സെമിത്തേരിയിൽ ആൽജോയെ സംസ്കരിച്ചു.

✪✪✪

കൊല്ലം ജില്ലാ ആശുപത്രിയിൽ രോഗിയുടെ ആക്രമണത്തിൽ ആശുപത്രി ജീവനക്കാരന് പരിക്കേറ്റു. ഇന്നലെ വൈകിട്ട് ICU വിൽ ഉണ്ടായ ആക്രമണത്തിൽ നഴ്സിംഗ് അസിസ്റ്റന്റ് കുരീപ്പുഴ സ്വദേശി സുരേഷ് ബാബുവിന് തലയ്ക്കും കഴുത്തിനും പരിക്കേറ്റു. ജീവനക്കാരനെ ആക്രമിച്ച രോഗി സെബാസ്റ്റ്യന് മാനസിക പ്രശ്നങ്ങൾ ഉണ്ടെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

✪✪✪

IPL ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ്, ഗുജറാത്ത് ടൈറ്റൻസിനെ 99 റൺസിന് തോൽപ്പിച്ചു. അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിലായിരുന്നു മത്സരം.

ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഹൈദരാബാദ് രാജീവ്ഗാന്ധി സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ ഇന്നലെ പഞ്ചാബ് FC ഇന്റർ കാശിയെ ന്യൂഡൽഹിയിൽ എതിരില്ലാത്ത മൂന്ന് ഗോളിന് പരാജയപ്പെടുത്തി. ഇന്ന് ചെന്നൈയിൻ FC മുഹമ്മദൻ SC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ചെന്നൈയിലാണ് മത്സരം.

✪✪✪

മൂവാറ്റുപുഴക്കടുത്ത് ഞായറാഴ്ച ഒഴുക്കിൽപ്പെട്ട് കാണാതായ രണ്ട് പ്ലസ് ടു വിദ്യാർഥികളുടെ മൃതദേഹങ്ങൾ കണ്ടെത്തി. അശ്വിൻ, ക്രിസ് എന്നിവരുടെ മൃതദേഹങ്ങളാണ് ഇന്നലെ ഉച്ചയോടെ കണ്ടെത്തിയത്. തൊടുപുഴയാറിലെ ആവോലി വള്ളിക്കട കടവിലാണ് രണ്ട് പേരും ഒഴുക്കിൽപ്പെട്ടത്

✪✪✪

കൊല്ലം ജില്ലയിൽ കല്ലടയാറ്റിലും ഇത്തിക്കരയാറ്റിലുമായി രണ്ടുപേർ മുങ്ങി മരിച്ചു. കല്ലടയാറ്റിൽ കുളിക്കാനിറങ്ങിയ അഞ്ചൽ കൈതാടിയിലെ രാജേഷ്, വള്ളത്തിൽ നിന്ന് ഇത്തിക്കരയാറ്റിൽ വീണ് തെക്കേവിളയിൽ രാജപ്പൻ എന്നിവരാണ് മരിച്ചത്.

✪✪✪

കോഴിക്കോട്ട് ട്രെയിനിന് നേരെ കല്ലെറിഞ്ഞ് യാത്രക്കാരിയെ പരുക്കേൽപ്പിച്ച കേസിലെ പ്രതി മണ്ണൂർ വടക്കുമ്പാട് സ്വദേശി കൃഷ്ണകുമാറിനെ റയിൽവേ പോലീസ് പിടി കൂടി. കഴിഞ്ഞ മാസം എക്സ്ക്യൂട്ടിവ് എക്സ്പ്രസിന് നേരെ ഉണ്ടായ യാത്രക്കാരിക്ക് സാരമായി പരിക്കേറ്റിരുന്നു.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*News Team: രജ്ന കെ*
*DEO: സി കെ സുബോധ്*